**കേരള സർക്കാർ**

## വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്

**ജില്ലാ ഇൻഫർമേഷൻ ആഫീസ്**
**കാസർകോട്**

**2018 സെപ്ംബർ 29**
**ശനി**

**www.prd.kerala.gov.in** **04994 255145** **dioksgd@gmail.com**

## ഗാന്ധിജയന്തി വാരാഘോഷം: ജില്ലയിൽ വിപുലമായ പരിപാടികൾ

ഗാന്ധി ജയന്തി വാരാഘോഷത്തോടനുബന്ധിച്ച് ജില്ലയിൽ വിപുലമായി വിവിധ പരിപാടികൾ നടത്താൻ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ കളക്ടറേറ്റ് മിനി കോൺഫറൻസ് ഹാളിൽ നന്ന യോഗം തീരുമാനിച്ചു.

ജില്ലാ ഭരണകൂടം, വിദ്യാഭ്യാസം, ആരോഗ്യം, പൊലീസ്, എക്സൈസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഹരിത കേരളം മിഷൻ, ശുചിത്വമിഷൻ, ജില്ലാ സാക്ഷരതാ മിഷൻ, സന്നദ്ധ സംഘടനകൾ, യുവജന സംഘടനകൾ, ഗാന്ധിയൻ സ്ഥാപനങ്ങൾ, മറ്റ് വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടെയാണ് ഒക്ടോബർ രണ്ട് മുതൽ എട്ട് വരെ പരിപാടികൾ സംഘടിപ്പിക്കുന്നത്. പരിപാടികൾ സംഘടിപ്പിക്കുന്നതിന് ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത് ബാബു ചെയർമാനും ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് എ.ജിസി ബഷീർ മുഖ്യ രക്ഷാധികാരികമായി കമ്മിറ്റി രൂപീകരിച്ചു.

ഒക്ടോബർ രണ്ടിന് രാവിലെ 10ന് കളക്ടറേറ്റിൽ ശുചീകരണ പ്രവർത്തനങ്ങളോടെ ജില്ലാതല പരിപാടികൾക്ക് തുടക്കമാകും. ജില്ലാതല പരിപാടികളുടെ ഉദ്ഘാടനം എൻ.എ നെല്ലിക്കുന്ന് എം.എൽ.എ നിർവഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ.ജി.സി ബഷീർ മുഖ്യതിഥിയാകും. ജില്ലാ കളക്ടർ സോ.ഡി. സജിത് ബാബു, എഡി.എം.എൻ:ദേവിദാസ് ,ചിൻമയ സ്കൂൾ വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുക്കും.

സ്കൂളുകളിലുംകോളേജുകളിലും സെമിനാറുകൾ, പ്രസംഗ മത്സരം, ക്വിസ്, ചിത്രരചനാ മത്സരങ്ങൾ, ലഹരി വിരുദ്ധ ബോധവൽക്കരണം, വരൾച്ച നേരിടുന്നതിനുള്ള പ്രവർത്തനങ്ങൾ, പ്രകൃതിദുരന്ത മുൻകരുതലുകൾ, പ്രകൃതി സംരക്ഷണം, പരിസ്ഥിഥി ശുചീകരണം, ജലസ്രോതസുകളുടെ സംരക്ഷണം, സർക്കാർ ഓഫീസറുടെയും പരിസരങ്ങളുടെയും ശുചീകരണം, വനവത്ക്കരണം, ഗാന്ധിയൻ ആശയങ്ങളുടെ പ്രചാരണം, ചിത്രപ്രദർശനം, പ്രഭാഷണ പരമ്പര, സന്നദ്ധ പ്രവർത്തനങ്ങൾക്കായി ജില്ലയിൽ 5000 പേരുടെ കർമ്മ സേനയുടെ രൂപീകരണം എന്നിവ വാരാചരണത്തോടനുബന്ധിച്ച് നടത്തും.

## പ്രളയാനന്തര കേരളം പുന:സൃഷ്ടി; ജില്ലയിൽ വൻതോതിൽ മുള വച്ചുപിടിപ്പിക്കുമെന്ന് ജില്ലാ കളക്ടർ

പ്രളയാനന്തര കേരളത്തിന്റെ പുന:സൃഷ്ടിയിൽ മുളയിൽ അധിഷ്ഠിതമായ നിർമ്മാണപ്രവർത്തന ങ്ങൾക്ക് പ്രാമുഖ്യം കൊടുക്കണമെന്ന സർക്കാരിന്റെ നിർദേശമനുസരിച്ച് ജില്ലയിൽ വൻതോതിൽ മുള കൾ വച്ചുപിടിപ്പിക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. ജില്ലയിൽ മുള വളരുന്നതിന് ആവശ്യമായ കാലാവ

(തുടരും)

സ്ഥയും സ്ഥല സൗകര്യങ്ങളും ലഭ്യമായതിനാൽ അതിനുള്ള പ്രവർത്തനങ്ങൾ ജില്ലാ ഭരണകൂടം ആരംഭിച്ചു. ജില്ലയിൽ കൃഷിയുടെ വികസനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട കൃഷി ഓഫീസർമാരുടെ നേതൃത്തിൽ ചേർന്ന യോഗത്തിൽ തീരുമാനമെടുത്തതായും ജില്ലാ കളക്ടർ അറിയിച്ചു. ജല ലഭ്യത വർധിപ്പിക്കുന്നതിന് കൂടുതൽ ജലസേചന പദ്ധതികൾ നടപ്പിലാക്കുമെന്നു അദ്ദേഹം പറഞ്ഞു.

കളക്ടറേറ്റിൽ നടന്ന ജില്ലാ വികസന സമിതി യോഗത്തിൽ സംസാരിക്കുകയായിരുന്നു സമിതി അധ്യക്ഷൻ കൂടിയായ ജില്ലാ കളക്ടർ.

പെരിയ എയർ സ്ട്രിപ്പിനുള്ള സ്ഥലത്തിന്റെ സർവേ പൂർത്തിയായി. പ്രദേശത്തെ 20 കുടുംബങ്ങൾ സ്ഥലം വിട്ടുനൽകാൻ തയ്യാറായിട്ടുണ്ടെന്നും തിരുവനന്തപുരത്ത് ഒക്ടോബർ ഒന്നിന് അനൗദ്യോഗിക തലത്തിൽ ചർച്ച നടത്തുമെന്നും കളക്ടർ അറിയിച്ചു. ദേശീയ പാതയിലെ കുഴികൾ ഭൂരിഭാഗവും അടിച്ചിട്ടുണ്ട്. റാണിപുരം എടക്കാനം മേഖലയിൽ ബൃഹത്തായ ടൂറിസം പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിക്കായി ഏഴു ഏക്കർ സ്ഥലം സ്വകാര്യ വ്യക്തി വിട്ടുതരും. ഇരിയയിലെ ബ്രിട്ടീഷ് ബംഗ്ലാവ് മികച്ചതാക്കുന്നതിനും നടപടി എടുത്തിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

## പാതയോരങ്ങളിലെ അനധികൃത പരസ്യബോർഡുകൾ ഉടൻ നീക്കം ചെയ്യണം: ജില്ലാ വികസന സമിതി

ജില്ലയിലെ പാതയോരങ്ങളിൽ അനധികൃതമായി സ്ഥാപിച്ച പരസ്യബോർഡുകളും ഫ്ളക്സുകളും ഇനിയും നീക്കാനുണ്ടെങ്കിൽ അടിയന്തരമായി നീക്കണമെന്ന് ജില്ലാ വികസന സമിതിയോഗം പൊതുമരാമത്ത് ദേശീയപാത വിഭാഗം അസി. എക്സിക്യുട്ടീവ് എഞ്ചിനീയർക്ക് നിർദേശം നൽകി. ഹൊസങ്കടി-കുമ്പള വരെയുള്ളയുള്ള ബോർഡുകൾ ഇതിനകം നീക്കം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്നത് അടിയന്തരമായി നീക്കം ചെയ്യാൻ ജില്ലാ വികസന സമിതി അധ്യക്ഷൻകൂടിയായ ജില്ലാ കളക്ടർ നിർദേശിച്ചു.

ബേക്കൽ പനയാൽ റോഡ്സൈഡിൽ അനധികൃതമായി നടുവരുന്ന കൈയേറ്റങ്ങൾ അടിയന്തരമായി ഒഴിപ്പിക്കും. ചെറിയ അറ്റകുറ്റപ്പണികൾ നടത്താവുന്ന പാലങ്ങൾ ഉണ്ടെങ്കിൽ ജില്ലയിലെ ജനപ്രതിനിധികൾ അവ സംബന്ധിച്ച വിവരങ്ങൾ ജില്ലാ കളക്ടർക്ക് ഉടൻ സമർപ്പിക്കണമെന്നും ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും കളക്ടർ അറിയിച്ചു. കാലവർഷത്തിൽ തകർന്ന മുളിയാർ ഗ്രാമപഞ്ചായത്തിലെ ബാവിക്കര ജി.എൽ.പി. സ്കൂൾ കെട്ടിടത്തിന് പകരം നിർമ്മിക്കുന്ന കെട്ടിടത്തിന് എക്സിമേറ്റ് തയ്യാറാക്കി ഒക്ടോബർ ആറിനകം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറിന് സമർപ്പിക്കാൻ മുളിയാർ എക്സിക്യുട്ടീവ് എഞ്ചിനീയറിനോട് സമിതി നിർദേശിച്ചു. നിലവിൽ സ്കൂളിന്റെ പ്രവർത്തനം സമീപത്തുള്ള മദ്രസയിലാണ്.

വീര മലക്കുന്ന് ടൂറിസം പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കും. വെള്ളരിക്കുണ്ട് താലൂക്ക് ആസ്ഥാനംവഴി കൊന്നക്കാട് നിന്നും പരപ്പ, ഒടയൻചാൽ, ചുള്ളിക്കര, കുറ്റിക്കോൽ വഴി കാസർകോട്ടേക്ക് ജീവനക്കാർക്കും പൊതുജനങ്ങൾക്കും ഉപകാരപ്രദമാകുന്ന രീതിയിൽ കെ.എസ്.ആർ.ടി..സി ബസ് ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന യോഗ നിർദ്ദേശം കെഎസ്ആർടിസി ചീഫ് ഓഫീസിന് സമർപ്പിച്ചതായി ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർ അറിയിച്ചു.

നിലവിൽ കോർപ്പറേഷനിലെ ഷെഡ്യൂളുകൾ സിംഗിൾ ഡ്യൂട്ടികളാകുമ്പോൾ മേൽപ്പറഞ്ഞ റൂട്ടിലേക്ക് ട്രിപ്പ് നൽകാമെന്ന ആലോചനയുണ്ടായിരുന്നുവെന്നും എന്നാൽ സിംഗിൾ ഡ്യൂട്ടിയുടെ ഭാഗമായി ഡ്യൂട്ടികൾ പരിഷ്കരിക്കുമ്പോൾ നിലവിലുള്ള റൂട്ടിലെ ട്രിപ്പുകൾ ഒന്നും തന്നെ നഷ്ടപ്പെടുത്തരുതെന്ന നിർദ്ദേശമുള്ളതിനാൽ പുതുതായി സർവീസുകൾ ചീഫ് ഓഫീസ് അനുമതിയോടുകൂടി മാത്രമേ ആരംഭിക്കാൻ കഴിയുകയുള്ളുവെന്നും ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർ സമിതിയെ അറിയിച്ചു.

മാടക്കാലിലെ ഗതാഗതപ്രശ്നം പരിഹരിക്കുന്നതിന് ജിഇഎമ്മിൽ രജിസ്റ്റർ ചെയ്ത് ബോട്ട് വാങ്ങുന്നതിന് കുസാറ്റിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ഷിപ്പിംഗ് സയൻസുമായി ബന്ധപ്പെട്ട് ബോട്ടിന്റെ സ്കെച്ചും ഡിസൈനും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി അസി.ഡവലപ്പ്മെന്റ് കമ്മീഷണർ(ജനറൽ) അറിയിച്ചു. ഇവ ലഭിച്ചു കഴിഞ്ഞാൽ ബോട്ട് വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കാമെന്നും അദ്ദേഹം പറഞ്ഞു. എം.എൽ.എ എസ്.ഡി.എഫ്, ഫ്ളഡ് പദ്ധതികളിൽ നടപ്പിലാക്കി വരുന്ന പ്രവർത്തികളുടെ പുരോഗതി

(തുടരും)

റിപ്പോർട്ട് എം.എൽ.എമാർക്ക് എല്ലാ മാസവും അഞ്ചാം തീയതിക്കകം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ചട്ടഞ്ചാൽ ദേശീയപാത 66 ന്റെ സൈഡിൽ സ്ഥലം കൈയ്യേറി നിർമ്മിച്ച താൽക്കാലിക ഷെഡ്ഡ് അടിയന്തരമായി ഒഴിപ്പിക്കും. എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്ന് ബേക്കൽഫോർട്ട് റെയിൽവേ സ്റ്റേഷൻ വികസനത്തിന് അനുവദിച്ച 131 ലക്ഷം രൂപ ഇതുവരെ റെയിൽവേയ്ക്ക് കൈമാറിയിട്ടില്ല. ആയത് കൈമാറുന്നതിനുള്ള നടപടി 10 ദിവസത്തിനകം സ്വീകരിക്കാനും വികസന സമിതി നിർദേശിച്ചു.

വിവിധ പ്രദേശങ്ങളിൽ പി.ഡബ്ല്യൂ.ഡി റോഡുകളിൽ അശാസ്ത്രീയമായി നിർമ്മിച്ചിട്ടുള്ള ഹമ്പുകൾ നീക്കം ചെയ്യും. ഇത് സംബന്ധിച്ച് പഠിക്കാൻ ഒരു സമിതിയെ ചുമതലപ്പെടുത്തിയതായും കളക്ടർ അറിയിച്ചു. അശാസ്ത്രീയമെന്നു കണ്ടാൽ അടിയന്തരമായി ഹമ്പുകൾ പൊളിച്ചുമാറ്റും. ജില്ലയിൽ ദേശീയപാത നാലുവരിയാക്കുന്നതുമായി ബന്ധപ്പെട്ട് പരാതികൾ ആർബിട്രേഷൻ സെല്ലിൽ നൽകാവുന്നതാണെന്നും ജില്ലാ കളക്ടർ അറിയിച്ചു. വിവിധ വകുപ്പുകളുടെ 2018 ആഗസ്റ്റ് മാസത്തെ പദ്ധതി പുരോഗതി റിപ്പോർട്ടും യോഗം ചർച്ച ചെയ്തു.

എംഎൽഎമാരായ പി.ബി അബ്ദുൾ റസാഖ്, എൻ.എ.നെല്ലിക്കുന്ന്, എം.രാജഗോപാലൻ, കെ.കുഞ്ഞിരാമൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എജിസി ബഷീർ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശാന്തമ്മ ഫിലിപ്പ്, എഡിഎം: എൻ.ദേവിദാസ്, തദ്ദേശസ്ഥാപന അധ്യക്ഷന്മാർ, വിവിധ വകുപ്പ് മേധാവികൾ എന്നിവരും യോഗത്തിൽ സംബന്ധിച്ചു.

## കാസർകോട് ജില്ലയിൽ കളക്ടർ, എസ്.പി എന്നിവരുടെ സമീപനം മാതൃകാപരം: വനിതാ കമ്മീഷൻ

കാസർകോട് ജില്ലയിലെ ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി എന്നിവർ വനിതാ കമ്മീഷനു നൽകുന്ന പിന്തുണ മാതൃകാപരമാണെന്ന് കമ്മീഷൻ അംഗം ഡോ.ഷാഹിദ കമാൽ പറഞ്ഞു. എല്ലാ ജില്ലകളിൽ നിന്നും ഇതുപോലുള്ള പിന്തുണ കമ്മീഷനു ലഭിക്കുകയാണെങ്കിൽ പല പരാതികളിലും എളുപ്പത്തിൽ പരിഹാരം കാണുവാൻ കഴിയുമെന്നും ഡോ.ഷാഹിദ കമാൽ പറഞ്ഞു. തന്റെ ജില്ലയിലെ ജനങ്ങളുടെ പ്രശ്നങ്ങളിൽ വനിതാ കമ്മീഷന് എല്ലാ പിന്തുണയും ജില്ലാ കളക്ടർ അദാലത്തിലെത്തി വാഗ്ദാനം ചെയ്തിരുന്നു. ജില്ലയിലെ പോലീസിൽ നിന്ന് അവശ്യപ്പെടുന്ന റിപ്പോർട്ടുകൾ സമയപരിധിക്കകം തന്നെ ലഭ്യമാക്കുവാൻ ഹൗസ് ഓഫീസർമാർ ശ്രദ്ധിക്കുന്നുണ്ടെന്നും ചിലർ അദാലത്തിൽ നേരിട്ടെത്തി റിപ്പോർട്ട് കൈമാറുന്നത് നല്ല സൂചനയാണെന്നും കമ്മീഷൻ വ്യക്തമാക്കി.

ദമ്പതികളിലെ കുടുംബപ്രശ്നങ്ങൾ വർധിച്ചുവരുന്നതിന് പിന്നിൽ മാതാപിതാക്കളുടെ അനാവശ്യ ഇടപെടലും സ്വാധീനവും മൊബൈൽഫോണുകളുടെ ദുരുപയോഗവും കാരണമാകുന്നുണ്ടെന്ന് കമ്മീഷൻ വിലയിരുത്തി. വിവാഹിതരാകുവാൻ തയ്യാറെടുക്കുന്നവർക്കായി കമ്മീഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് എല്ലായിടത്തും പ്രീമാരിറ്റൽ കൗൺസിലിംഗ് നടത്തും. വിദഗ്ധരായവരെ പങ്കെടുപ്പിച്ച് എല്ലാ സമുദായത്തിലുള്ളവർക്കും കൗൺസിലിംഗ് നൽകും. ക്രിസ്ത്യൻ സമുദായത്തിൽ പ്രീമാരിറ്റൽ കൗൺസിലിംഗ് ലഭിക്കുന്നതിനാൽ വിവാഹമോചിതരുടെ എണ്ണം കുറവാണ്. ഈ കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് കമ്മീഷൻ ഇത്തരത്തിൽ കൗൺസിലിംഗ് നടത്തുന്നതെന്ന് ഡോ.ഷാഹിദ കമാൽ വ്യക്തമാക്കി.

## വനിത കമ്മീഷൻ അദാലത്തിൽ 51 പരാതികൾ പരിഗണിച്ചു

ജില്ലയിൽ സംസ്ഥാന വനിത കമ്മീഷൻ നടത്തിയ അദാലത്തിൽ 16 പരാതികൾ തീർപ്പായി. കാസർകോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വനിത കമ്മീഷൻ അംഗം ഡോ.ഷാഹിദ കമാലിന്റെ അധ്യക്ഷതയിൽ നടന്ന അദാലത്തിൽ മൊത്തം 51 പരാതികളാണു പരിഗണിച്ചത്. ഇതിൽ 12 പരാതികളിൽ പോലീസിനോടും വിവിധ വകുപ്പുകളോടും റിപ്പോർട്ട് തേടി. ആറു പരാതികളിൽ ആർഡിഒ യോട് റിപ്പോർട്ട് തേടി. നാലു പരാതികളിൽ കൗൺസിലിംഗിന് നിർദേശം നൽകി. അടുത്ത അദാലത്തിലേക്കായി 13 പരാതികൾ മാറ്റിവച്ചു. ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത് ബാബു അദാലത്തിൽ പങ്കെടുത്ത് ജില്ലാ ഭരണകൂടത്തിന്റെ എല്ലാ പിന്തുണയും വനിതാ കമ്മീഷന് വാഗ്ദാനം ചെയ്തു.

(തുടരും)

ലീഗൽപാനൽ അംഗങ്ങളായ അഡ്വ. എ.പി ഉഷ, അഡ്വ.കെ.ജി.ബീന, വനിതാ സെൽ സർക്കിൾ ഇൻസ്പെക്ടർ പി.നിർമ്മല, എസ്.ഐ:എ.പി ഓമന, സിപിഒ:എ ജയശ്രീ, കൗൺസിലർ എസ്.രമ്യമോൾ തുടങ്ങിയവർ അദാലത്തിൽ പങ്കെടുത്തു.

ഫോട്ടോ അടിക്കുറിപ്പ്: വനിത:-

വനിതാ കമ്മീഷൻ അംഗം ഡോ.ഷാഹിദ കമാലിന്റെ അധ്യക്ഷതയിൽ കാസർകോട് കളക്ടറേറ്റിൽ നടത്തിയ അദാലത്ത്. ജില്ലാ കളക്ടർ ഡോ.ഡി.സജിത് ബാബു സമീപം.

# 'സ്കൂൾ വിക്കി' ജിഎച്ച്എസ്എസ് കൊട്ടോടി

# ജില്ലയിലെ ഏറ്റവും മികച്ച സ്കൂൾ

സ്കൂൾ വിക്കിയിൽ ഏറ്റവും മികച്ച രീതിയിൽ വിവരങ്ങൾ നൽകുന്ന സ്കൂളുകൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കേരളാ ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) നൽകുന്ന പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ജി. എച്ച്. എസ് എസ് കൊട്ടോടി ക്ക് ജില്ലയിലെ ഏറ്റവും മികച്ച സ്കൂളിനുള്ള അവാർഡ് ലഭിക്കും. ജി. എച്ച്. എസ് തച്ചങ്ങാട് സ്കൂളാണ് രണ്ടാം സ്ഥാനത്തിന് അർഹതനേടിയത്.

സംസ്ഥാനത്തെ ഒന്നു മുതൽ പന്ത്രണ്ടുവരെയുള്ള പതിനായിരത്തോളം സ്കൂളുകളെ കൂട്ടിയിണക്കി കൈറ്റ് (ഐടി@സ്കൂൾ) 2009-ൽ ആരംഭിച്ച 'സ്കൂൾ വിക്കി' പോർട്ടൽ വിക്കിപീഡിയ മാതൃകയിൽ പങ്കാളിത്ത സ്വഭാവത്തോടെ വിവരശേഖരണം സാധ്യമാക്കുന്നതാണ്. പൂർണമായും മലയാളത്തിലുള്ള സ്കൂൾ വിക്കി ഇന്ത്യൻ പ്രാദേശിക ഭാഷകളിലുള്ള ഏറ്റവും വലിയ ഡിജിറ്റൽ വിവര സംഭരണിയാണ്. 2017 മുതൽ സ്കൂൾ കലോൽസവങ്ങളിലെ മുഴുവൻ രചനാ മത്സരങ്ങളുടെ സൃഷ്ടികളും സ്കൂൾ വിക്കിയിൽ ലഭ്യമാക്കി വരുന്നുണ്ട്. സ്കൂളിന്റെ വിവരങ്ങൾ, ചരിത്രം, പ്രമുഖരായ പൂർവ്വ വിദ്യാർത്ഥികൾ, സ്കൂൾ മാപ്പ്, വിവിധ ക്ലബ്ബുകൾ തുടങ്ങിയവ ഉൾപ്പെടെ സ്കൂൾ വിക്കിയിൽ ലഭ്യമാണ്. നിലവിൽ 26952 പേർ അംഗത്വമെടുത്തിട്ടുള്ള സ്കൂൾ വിക്കിയിൽ 16047 ലേഖനങ്ങളുണ്ട്. 2010-ലെ സ്റ്റോക്ഹോം ചലഞ്ച് അവാർഡ്, 2017-ലെ സോഷ്യൽ മീഡിയ ഫോർ എംപവർമെന്റ് അവാർഡ് തുടങ്ങിയ പുരസ്കാരങ്ങളും സ്കൂൾ വിക്കിക്ക് ലഭിച്ചിട്ടുണ്ട്.

ജില്ലാതലത്തിൽ ഒന്നും രണ്ടും സമ്മാനാർഹരായവർക്ക് ട്രോഫിയും പ്രശംസാപത്രവും യഥാക്രമം പതിനായിരം, അയ്യായിരം രൂപയും ലഭിക്കും. വിശ്വപ്രഭ (ചെയർമാൻ), കെ. അൻവർ സാദത്ത് (കൺവീനർ), ബി. അബുരാജ്, രഞ്ജിത് സിജി, ഡോ. പി.കെ. തിലക് എന്നിവരടങ്ങുന്ന ജൂറിയാണ് അവാർഡുകൾ നിശ്ചയിച്ചത്.

അവാർഡുകൾ ഒക്ടോബർ 4-ന് മലപ്പുറത്ത് വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് വിതരണം ചെയ്യുമെന്ന് കൈറ്റ് വൈസ് ചെയർമാൻ കെ. അൻവർ സാദത്ത് അറിയിച്ചു. സമ്മാനാർഹരായ സ്കൂളുകളുടെ പട്ടികയും പേജുകളും www.schoolwiki.in ൽ ലഭ്യമാണ്.

# ദർഘാസ് ക്ഷണിച്ചു

കാസറകോട് ഗവ.കോളേജിൽ ലാബ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചു. സ്വീകരിക്കുന്ന അവസാനതീയതി ഒക്ടോബർ 30 ന് ഉച്ചക്ക് ഒരുമണി.

കാസറകോട് ഗവ.കോളേജിൽ ഫിസിക്സ് ഡിപ്പാർട്ട്മെന്റിലേക്ക് ലാബ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ദർഘാസ് ക്ഷണിച്ചു. സ്വീകരിക്കുന്ന അവസാനതീയതി ഒക്ടോബർ 31 ന് രാവിലെ 11 മണി.

# ധനസഹായ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു

സ്വകാര്യ ഭൂമികളിലെ ശോഷിച്ചു വരുന്ന തടിയുത്പാദനം വർദ്ധിപ്പിക്കുന്നതിനും, സർവ്വ സാധാരണമായി ഉൽപ്പാദിപ്പിക്കുന്ന തടിയിനങ്ങളിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും ഭൂവുടമകൾക്ക് അധിക വരുമാനം ലഭിക്കുന്നതിനും വനം വകുപ്പ് പ്രോത്സാഹന ധനസഹായ പദ്ധതി നടപ്പിലാക്കുന്നു. തേക്ക്, ചന്ദനം,മഹാഗണി,ആഞ്ഞിലി, പ്ലാവ്, റോസ് വുഡ്, കമ്പകം, കുമ്പിൾ, തേമ്പാവ് എന്നി വൃക്ഷ

തൈകൾ നട്ടു വളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനാണ് ഈ പദ്ധതി. തൈകളുടെ എണ്ണമനുസരിച്ച് 3 തലങ്ങളിലായി അതായത് 50 തൈകൾ മുതൽ 200 തൈകൾ വരെ തൈ ഒന്നിന് 50/- രൂപാ നിരക്കിലൂം,201 മുതൽ 400 എണ്ണം തൈകൾക്ക് തൈ ഒന്നിന് 40/- രൂപ നിരക്കിലും (ഏറ്റവും കുറഞ്ഞ പ്രോത്സാഹന ധന സഹായം 10000/- രൂപ), 401 മുതൽ 625 എണ്ണം തൈകൾക്ക് തൈ ഒന്നിന് 30/- രൂപാ നിരക്കിലൂം (ഏറ്റവൂം കുറഞ്ഞ പ്രോത്സാഹന ധന സഹായം 16,000/- രൂപാ) ധന സഹായം നൽകും.

കൂടുതൽ വിവരങ്ങളും, അപേക്ഷ ഫോറവും കാസർകോട് സാമൂഹ്യ വനവൽക്കരണ വിഭാഗം ഓഫീ k nÂ \ n¶ pwh \ wh l p; rsâ www.forest.gov.in എന്ന വെബ്ബ് സൈറ്റിലും ലഭിക്കും. അപേക്ഷ ഒക്ടോബർ 15 നകം അധികാര പരിധിയിലുള്ള അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ,റേയിഞ്ച്ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയങ്ങളിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്കായി താഴെ കാണുന്ന ഫോൺ നമ്പറിലും,മേൽ വിലാസത്തിലും ബന്ധപ്പെടണം.

അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ സാമൂഹ്യ നവൽക്കരണ വിഭാഗം, വനശ്രി കോപ്ലക്സ്, ഉദയഗിരി വിദ്യാനഗർ പി.ഒ, കാസറകോട്. ഠഫോൺ-04994-256910, മൊബൈൽ-9447979152.,റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സാമൂഹ്യ വനവൽക്കരണം റേയിഞ്ച് ഹോസ്ദുർഗ്- ഫോൺ-8547603838, റെയിഞ്ച് ഫോസ്റ്റ് ഓഫീസർ, സാമൂഹ്യ വനവൽക്കരണം റേയിഞ്ച്, വനശ്രീ കോപ്ലക്സ് , ഉദയഗിരി, വിദ്യാനഗർ പി.ഒ, കാസറകോട്. ഫോൺ.8547603836.

## പുനർ ലേലം

പൊതുമരാമത്ത് വകുപ്പ് റോഡ്സ് ഡിവിഷൻ ഓഫീസിന്റെ അധികാരപരിധിയിൽ വരുന്ന റോഡ്സ് സെക്ഷൻ വെസ്റ്റ് എളേരിയിൽപ്പെടുന്ന ഹോസ്ദുർഗ്ഗ്-പാണത്തൂർ റോഡിൽ വികസനത്തിന് തടസ്സമായി അപകടരമായ അവസ്ഥയിൽ നിൽക്കുന്ന വിവിധ ജാതിയിലും വലിപ്പത്തിലും ഉള്ള മരങ്ങൾ ഒക്ടോബർ ആറിന് പകൽ 11 മണിക്ക് റോഡ് സബ്ഡിവിഷൻ കാഞ്ഞങ്ങാട് ഓഫീസിൽ ലേലം ചെയ്യും. ക്വട്ടേഷൻ ഒക്ടോബർ അഞ്ചിന് ന് 4 മണി വരെ റോഡ്സ് സബ് ഡിവിഷൻ കാഞ്ഞങ്ങാട് ഓഫീസിൽ സമർപ്പിക്കണം. ഫോൺ. 04994 230304

## താലൂക്ക് വികസന യോഗം

വെള്ളരിക്കുണ്ട് താലൂക്ക് വികസന യോഗം ഒക്ടോബർ ആറിന് ഉച്ചയ്ക്ക് 2 മണിക്ക് താലൂക്ക് ഓഫീസ് കോൺഫറൻസ് ഹാളിൽ ചേരും

## ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കണം

കേരള നിർമ്മാണ തൊഴിലാളി ക്ഷേമബോർഡ് ജില്ലാ ഓഫീസിൽ നിന്നും വിവിധ പെൻഷനുകൾ ലഭിച്ചുകൊണ്ടിരിക്കുന്നവർ, 2019 ജനുവരി മാസം മുതൽ തുടർന്ന് ബോർഡിൽ നിന്നും പെൻഷൻ ലഭിക്കുന്നതിനായി, ഗസറ്റഡ് ഓഫീസറോ, ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറോ നൽകുന്ന ലൈഫ് സർട്ടിഫിക്കറ്റ് ഡിസംബർ 10 നകം കാഞ്ഞങ്ങാട്ടുള്ള ജില്ലാ ഓഫീസിൽ ഹാജരാക്കണം. മുൻ വർഷങ്ങളിൽ ആധാർ നമ്പർ ഉൾപ്പെടേയുള്ള വ്യക്തിഗത വിവരങ്ങൾ ഉൾക്കൊള്ളിച്ചുക്കൊണ്ടുള്ള പ്രൊഫോർമ സമർപ്പച്ചിട്ടില്ലാത്തവർ ലൈഫ് സർട്ടിഫിക്കറ്റിനോടൊപ്പം ആയതു കൂടി സമർപ്പിക്കണം. സാന്ത്വന സഹായം ലഭിക്കുന്നവർ (മൈനറായ കുട്ടികൾ ഒഴികെയുള്ളവർ ) പുനർ വിവാഹം ചെയ്തിട്ടില്ല എന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റും ഹാജരാക്കണം.

## ലേലം ചെയ്യും

വലിയപറമ്പ ഗ്രാമത്തിലെ റീ.സ.നം.239/പാർട്ടിലെ 0.04 ഏക്കർ ഭൂമിയും അതിലെ സകലതും ഒക്ടോബർ 12 ന് രാവിലെ 11ന് വലിയപറമ്പ വില്ലേജ് ഓഫീസിൽ ലേലം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് വലിയപറമ്പ വില്ലേജ് ഓഫീസുമായോ, ഹോസ്ദുർഗ് താലൂക്ക് ഓഫീസുമായോ ബന്ധപ്പെടണം.

വലിയപറമ്പ ഗ്രാമത്തിലെ 415/പാർട്ട് 0.06 ഏക്കർ ഭൂമിയും അതിലെ സകലതും, ആയതിലെ വി പി 3 /186/ എ/നമ്പർ കെട്ടിടവും ഡിറ്റർജന്റ് നിർമ്മാണ യന്ത്രങ്ങളും ഒക്ടോബർ 10 ന് രാവിലെ 11 മണിക്ക്

(തുടരും)

വില്ലേജ് ഓഫീസിൽ ലേലം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് വലിയപറമ്പ വില്ലേജ് ഓഫീസുമായോ, ഹോസ്ദുർഗ് താലൂക്ക് ഓഫീസുമായോ ബന്ധപ്പെടണം.

ഹോസ്ദുർഗ് താലൂക്കിൽ പെരിയ വില്ലേജിൽ റീ സർവ്വെ 70/3 ൽ പ്പെട്ട 0.20 ഏക്കർ ഭൂമിയും, അതിലെ സകല ചമയങ്ങളും ഒക്ടോബർ ഒൻപതിന് രാവിലെ 11 മണിക്ക് പെരിയ വില്ലേജ് ഓഫീസിൽ ലേലം ചെയ്യും. ഫോൺ-0467-2204042

## വികസനസമിതി യോഗം

ഒക്ടോബർ മാസത്തെ കാസറകോട് താലൂക്ക് വികസന സമിതി യോഗം ഒക്ടോബർ ആറിന് രാവിലെ 10.30 ന് കാസറകോട് താലൂക്ക് ഓഫീസ് കോൺഫറൻസ് ഹാളിൽ ചേരും.

## തൊഴിലാളികൾ പണിമുടക്ക് പിൻവലിച്ചു

ജില്ലയിലെ പാചകവാതക ഏജൻസികളിലെ തൊഴിലാളികൾ ശമ്പള വർദ്ധനവ് ആവശ്യപ്പെട്ട് പ്രഖ്യാപിച്ച പണിമുടക്ക് സമരം പിൻവലിച്ചു. ജില്ലാ ലേബർ ഓഫീസർ കെ.മാധവൻ തൊഴിലാളി തൊഴിലുടമ പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ ശമ്പള വർദ്ധന അംഗീകരിച്ചതിനെ തുടർന്നാണ് സമരപ്രഖ്യാപനം പിൻവലിച്ചത്. ചർച്ചയിൽ തൊഴിലാളികളെ പ്രതിനിധീകരിച്ച് സി.ഐ.ടി.യു ജില്ലാ ജനറൽ സെക്രട്ടറി ടി.കെ. രാജൻ, ബി.എം.എസ് ജില്ലാ പ്രസിഡന്റ് കെ.ശ്രീനിവാസൻ ഉടമ പ്രതിനിധികളായ കെ.കെ.നാരായണൻ, ബാബൂജീ ഭട്ട്, സി.എ.പീറ്റർ, ശോഭ നായിക്ക്, പി.എം.എ ബഷീർ, ഇമ്രാൻ തുടങ്ങിയവർ പങ്കെടുത്തു.

## ഡാറ്റാഎൻട്രി ഓപ്പറേറ്റർ നിയമനം

കാസറകോട് ഐസിഡിഎസ് പ്രോജക്ടിന്റെ പരിധിയിൽ വരുന്ന ഗ്രാമ പഞ്ചായത്ത്,മുനിസിപ്പാലിറ്റികളിലെ പി എം എം വി വൈ സി എ എസ് ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡാറ്റാ എൻട്രി വരുത്തുന്നതിന് ഡാറ്റാ എൻട്രി ഓപ്പറേറ്ററെ കരാർ അടിസ്ഥാനത്തിൽ നിയമിക്കും. കമ്പ്യൂട്ടർ ആഫീസ് ഓട്ടോമേഷനിൽ മതിയായ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾ ബയോഡാറ്റാ സഹിതം ഒക്ടോബർ അഞ്ചിന് രാവിലെ 10.30 ന് കാസറകോട് ബ്ലോക്ക് ആഫീസ് കോമ്പൗണ്ടിലുള്ള ശിശുവികസന പദ്ധതി ആഫീസിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ-04994 230045.

## ജില്ലയിലെ അംഗീകൃത ക്വാറികളുടെ വിവരങ്ങൾ

## സൈറ്റിൽ ലഭിക്കും

ജില്ലയിലെ അംഗീകൃത കരിങ്കൽ, ചെങ്കൽ ക്വാറികളുടെ വിവരങ്ങൾ kasargod.gov.in ൽ ലഭിക്കുമെന്ന് ജില്ലാ കളക്ടർ ഡോ. ഡി.സജിത് ബാബു അറിയിച്ചു. ജില്ലയിലെ നാല് താലൂക്കുകളിലായി 193 ചെങ്കൽ ക്വാറികൾക്കും ആറ് കരിങ്കൽ ക്വാറികൾക്കും മാത്രമാണ് അനുമതിയുള്ളത്. ഹോസ്ദുർഗ് താലൂക്കിൽ ഒരു കരിങ്കൽ ക്വാറിക്കും അനുമതി നൽകിയിട്ടില്ലെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

(അവസാനിച്ചു)